**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **17-03-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് വിവിധ പദ്ധതികൾക്ക് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ടൂറിസം പദ്ധതികൾ നടപ്പിലാക്കാനുള്ള അനുമതി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | വൈദ്യുതി ബോർഡിന്റെ ഡാം പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ബോർഡിന്റെ കീഴിൽ 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് 1999-ൽ രൂപീകരിച്ച ഹൈഡൽ ടൂറിസം സെന്റർ എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി 2015 ഡിസംബറിൽ ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടി ഡാമിൽ വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അമ്യൂസ്മെന്റ് പാർക്ക് ആരംഭിക്കുകയും തുടർന്ന് 2019-ൽ അമ്യൂസ്മെന്റ് പാർക്ക് ഉൾപ്പെടെയുള്ള വിവിധ ടൂറിസം പദ്ധതികൾക്കായി 8 കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വരുമാനം പങ്കിടൽ വ്യവസ്ഥയിലും 4 കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മാസ വാടക കരാർ പ്രകാരവും കച്ചവട സ്ഥാപനങ്ങളുടെ നടത്തിപ്പിനുമായി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഹൈഡൽ ടൂറിസത്തിനായി കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഗവേണിംഗ് ബോഡി എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഹൈഡൽ ടൂറിസത്തിന്റെ വിവിധ സെന്ററുകളിൽ നിന്നും ലഭിച്ച വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം പദ്ധതികൾക്കായി 13.90 കോടി രൂപയ്ക്ക് ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | വൈദ്യുതി വകുപ്പിന്റെ ഏതൊക്കെ ഡാമുകൾ കേന്ദ്രീകരിച്ചാണ് അമ്യൂസ്മെന്റ് പാർക്കുകൾ കൊണ്ടുവരാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്; | (സി) | ഇടുക്കി ജില്ലയിലെ പൊൻമുടി ഡാം, മാട്ടുപെട്ടി ഡാം, ശെങ്കുളം ഡാം, ആനയിറങ്കൽ ഡാം, മൂന്നാർ ഹൈഡൽ പാർക്ക് എന്നിവിടങ്ങളിൽ അമ്യൂസ്മെന്റ് പാർക്ക് ആരംഭിക്കുന്നതിന് 5 കോഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഇടുക്കി ഡാം കേന്ദ്രീകരിച്ച് ലേസർ ഷോ നടത്തുവാൻ | (ഡി) | പ്രസ്തുത പദ്ധതി പരിഗണിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | RFP തയ്യാറാക്കി വരുന്നു. |
| (ഇ) | സംസ്ഥാന വൈദ്യുതി വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഇടുക്കി ഡാമിനോട് ചേർന്ന് സ്വകാര്യ കമ്പനികൾക്ക് പുഷ്പ കൃഷി ചെയ്യുവാൻ സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ